**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലക്കിടി-പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർമ്മിക്കുന്ന പൊതുശ്മശാനത്തിന്റെ ടെണ്ടർ എക്സസ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ). 321/2017/തസ്വഭവ തീയതി, തിരുവനന്തപുരം 4.2.2017.

---

പരാമർശം :- 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 13.01.2016 ലെ ഡി.ബി.3/11409/15/സിഇ/തസ്വഭവ നമ്പർ കത്ത്.

2. ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ 11.1.2017 ലെ യോഗത്തിന്റെ മിനിട്സ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ലക്കിടി - പേരൂർ പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർമ്മിക്കുന്ന പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ ഏറ്റെടുക്കാൻ കരാറുകാർ ഇല്ലാതെ വന്നതിനാൽ വീണ്ടും ഇ-ടെണ്ടർ ചെയ്തതിൽ ഒരു കരാറുകാരൻ മാത്രമാണ് ദർഘാസ് സമർപ്പിച്ചിട്ടുള്ളത്. ആയതിന് എസ്റ്റിമേറ്റ് തുകയിൽനിന്നും 19% അധികരിച്ച നിരക്കാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ഡി.എസ്.ആർ.2014, cost index 1.2952 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിലവിലെ cost index - മായി താരതമ്യം ചെയ്യുമ്പോൾ ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക് പരിഗണിക്കാവുന്നതാണെന്നതിനാൽ ടി പ്രവൃത്തിയുടെ ടെണ്ടർ എക്സസിന് അംഗീകാരം നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിരുന്നു.

2. ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി വിഷയം വിശദമായി പരിശോധിച്ചു. 52,26,848 രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിക്ക് 62,46,084 രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. നിലവിലെ DSR നിരക്കിനേക്കാൾ 4.32% ഉം 10% tolerance ഉം ഉൾപ്പെടെ ആകെ 14.32% ടെണ്ടർ എക്സസ് ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നതാണെന്ന് കമ്മിറ്റി വിലയിരുത്തി

3. ടെണ്ടർ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലക്കിടി - പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർമ്മിക്കുന്ന

പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള ദർഘാസ്സിന് എസ്റ്റിമേറ്റ് നിരക്കിനെക്കാളും 14.32% ടെണ്ടർ എക്സസ് അംഗീകരിച്ച് ആകെ 59,75,332.63 രൂപയ്ക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഡി.സന്തോഷ്,
ഡെപ്യൂട്ടി സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പബ്ലിക്ക് ഓഫീസ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്, കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Dev-3/179/2016-Fin)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.